(ഡി) ഈ പാർട്ട്ടൈംകാരെ മുഴുവൻടൈം ജീവനക്കാരായി നിയമിക്കുന്നതിനും യോഗ്യതയുടെ അടിസ്ഥാനത്തിൽ അർഹമായ പ്രമോഷൻ നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകളും പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ ആവശ്യങ്ങളും പരിഗണിച്ച് ഗവൺമെന്റ് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1,073 പേർ.

(ബി) മൂന്നു തരം പാർട്ട്ടൈം ജീവനക്കാർ ആരോഗ്യവകുപ്പിൽ ജോലി നോക്കുന്നു. അവരുടെ ശമ്പളവും അലവൻസും താഴെ പറയുന്ന നിരക്കിലാണ്:

	ശമ്പളം	അലവൻസ്
1.	60 രൂപ	43 രൂപ.
2.	70 രൂപ	43 രൂപ.
3.	75 രൂപ	43 രൂപ.

(സി) ഉണ്ട്. നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പെതു താല്പര്യത്തെ മുൻനിർത്തി പാർട്ട്ടൈം ജീവനക്കാരനെ സ്ഥലം മാറിയാൽ പ്രസ്തുത ജീവനക്കാരനു ക്ലാസ് 4 ജീവനക്കാരനു അനുവദിച്ചിട്ടുള്ള യാത്രാബത്തയും ജോയിനിംഗ് ടൈമും കൊടുക്കുന്നതിനനുവദിച്ചിട്ടുണ്ട്. സ്ത്രീ ജീവനക്കാർക്ക് രണ്ടു മാസത്തെ പ്രസവകാലാവധിയും, ആ കാലത്തു പകുതി ശമ്പളവും മുഴുവൻ അലവൻസും ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു മാസത്തെ ശമ്പളരഹിത അവധിയും അനുവദിച്ചിട്ടുണ്ട്.

(ഡി) യോഗ്യതയുടെ അടിസ്ഥാനത്തിൽ അർഹമായ പ്രമോഷൻ നൽകണമെന്ന് അംഗീകൃത സംഘടനകളാവശ്യപ്പെട്ടിട്ടില്ല. പക്ഷെ, അംഗീകാരമില്ലാത്ത കേരളവനിതാ ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ള പാർട്ട്ടൈം ജീവനക്കാരെ ബേസിക്ക് ഹെൽത്ത് വർക്കർമാരായി നിയമിക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഈ ആവശ്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മലമ്പനി രോഗം

553 [808] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977.78, 78.79 വർഷങ്ങളിൽ കേരളത്തിൽ എത്രപേർക്ക് മലമ്പനിരോഗം ഉണ്ടായി;

(ബി) ഇതിൽ എത്ര പേർ മരിച്ചു;

(സി) മലമ്പനി നിർമ്മാർജ്ജനം കേരളത്തിൽ നടത്തിയിട്ടും പിന്നെയും വന്നിരിക്കുന്ന സ്ഥിതിക്ക് ഇക്കാര്യത്തിൽ കേരളം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മലമ്പനി നിർമ്മാർജ്ജനം ഒരു ദേശീയാവശ്യമായതിനാൽ ഈ കാര്യത്തിന് കേന്ദ്രത്തിൽനിന്ന് ധനസഹായം ലഭിക്കുമോ;

(ഇ) ഇക്കാര്യത്തിൽ കൂടുതൽ മരുന്നും കൂടുതൽ ജീവനക്കാരും ആവശ്യമായിവരുന്ന അധികചിലവിന് കേന്ദ്രത്തിൽനിന്ന് സഹായമാവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1977, 1978 ഈ വർഷങ്ങളിൽ യഥാക്രമം 5468, 6196 പേർക്കു 1979 ജനുവരി മാസത്തിൽ 155 പേർക്കും മലമ്പനി ബാധയുണ്ടായിട്ടുണ്ട്. ഇതിൽ യഥാക്രമം 556-ഉം 607ഉം 7-ഉം കേസുകളാണ് മാത്രമാണ് തദ്ദേശീയമായിട്ടുള്ളത്.

(ബി) ആരും തന്നെ മരിച്ചില്ല.

(സി) കേരളത്തിൽ കണ്ടുവരുന്ന മലമ്പനി കേസുകളിൽ ഭൂരിഭാഗവും വിദേശരാജ്യങ്ങളിൽനിന്നും അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. വിദേശ രാജ്യങ്ങളിൽനിന്നും വരുന്നവരിൽ മലേറിയാരോഗം ഉണ്ടോ എന്നു കണ്ടുപിടിക്കാൻ രക്തപരിശോധന നടത്തുന്നതിലേക്കായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഒരു ലാബറട്ടറി സ്ഥാപിക്കാൻ നടപടികളെടുത്തിട്ടുണ്ട്. തദ്ദേശ മലേറിയാ ബാധ നിർമ്മാർജ്ജനം ചെയ്യുന്നതിന് വീടുകൾ സന്ദർശിച്ച് രക്ത പരിശോധന നടത്തുക, ആശുപത്രികളിലും ഡിസ്പെൻസറികളിലും എത്തുന്ന പനി ബാധിച്ചിട്ടുള്ള എല്ലാ രോഗികളുടേയും രക്തം പരിശോധിക്കുക, രക്ത പരിശോധനയിൽ മലമ്പനി ബീജങ്ങൾ കാണുന്ന എല്ലാവർക്കും സത്വര ചികിൽസ നൽകുക, മലമ്പനി ബാധിതപ്രദേശങ്ങളിൽ ഡി.ഡി.റ്റി. തളിക്കുക എന്നീ നടപടികളെടുക്കുന്നുണ്ട്. കൂടാതെ മലമ്പനി നിർമ്മാർജ്ജനം ഊർജ്ജിതപ്പെടുത്തുന്നതിനായി ഒരു സോണൽ മലേറിയാ ഓർഗനൈസേഷൻ 1977ൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) നൂറു ശതമാനം കേന്ദ്രത്തിന്റെ ധനസഹായം ലഭിക്കുന്നുണ്ട്.

(ഇ) കേരളം മലമ്പനി നിർമ്മാർജ്ജനം പൂർത്തിയാക്കിയതിനു ശേഷം രോഗം വരാതിരിക്കാനുള്ള സംരക്ഷണ ഘട്ടത്തിലാണ്. അതിനാലാണ് കൂടുതൽ ധനസഹായം കേന്ദ്രത്തിൽ നിന്നു ലഭ്യമല്ലാത്തത്. എന്നാൽ ഇപ്പോഴും വീണ്ടും രോഗം കണ്ടുതുടങ്ങിയതിനാൽ സംസ്ഥാനത്തിനു അതുമൂലം വരുന്ന അധിക ചിലവിനായി കൂടുതൽ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

ആശുപത്രിയിലെ ചികിൽസാ സൗകര്യം

554 [809] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടിലും മറ്റുപകരണങ്ങളും കൊടുക്കാത്തതു നിമിത്തം രോഗികളെ കിടത്തി ചികിൽസിക്കാൻ നിർവാഹമില്ലാത്ത ഇൻപേഷ്യന്റു വാർഡുകളും ഉള്ള എത്ര ഗവൺമെന്റ് ആശുപത്രികളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly